'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല - ഏലപ്പുള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മദനമോഹനനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1330/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/06/2019**

---

പരാമർശം:- 1 പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 30.07.2015-ലെ പി.എ.2-7346/15 നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 06.11.2016-ലെ ഡി10-16053/15 നമ്പർ കത്ത്

3 സർക്കാരിന്റെ 09.06.2017-ലെ 1155790/ഇപിബി3/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 സർക്കാരിന്റെ 16.06.2018-ലെ ഇപിബി3/48/2018/തസ്വഭവ നമ്പർ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. മദനമോഹനൻ സമർപ്പിച്ച 05.01.2019-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഏലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ വ്യാപകമായി നിലം ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതായും ആയതിൽ ക്രമക്കേട് ഉള്ളതായും റവന്യൂ ഡിവിഷണൽ ഓഫീസർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ടി വിഷയത്തിന്മേൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

ആർ.ഡി.ഒ. നൽകുന്ന കെ.എൽ.യു. അനുമതി/നിലം നികത്തു ഭൂമിയിൽ വീട് നിർമ്മിക്കാനുള്ള അപേക്ഷകൾ പരിഗണിക്കാനുള്ള സമിതിയുടെ അനുമതി എന്നിവ ലഭ്യമാക്കാതെ നിലം വിഭാഗത്തിൽപ്പെടുന്ന സ്ഥലത്ത് നിരവധിപേർക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയെന്നും മേൽപ്പറഞ്ഞ അനുമതികൾ വാങ്ങാതെ നിലം വിഭാഗത്തിൽപ്പെടുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകി, അതിൽ കൈവശാവകാശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സർവ്വെ നമ്പറുകളിൽ അല്ല പെർമിറ്റുകൾ നൽകിയിട്ടുള്ളതെന്നും അനുമതികൾ വാങ്ങാതെ നിലം വിഭാഗത്തിൽപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി കെട്ടിട നികുതി ഈടാക്കുകയും നിയമവിരുദ്ധ കെട്ടിടത്തിന് യു.എ. നമ്പർ നൽകിയെങ്കിലും

പിഴ ഈടാക്കി പെർമിറ്റ് നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലായെന്നും എൻ.ഒ.സി. , പെർമിറ്റ്, നമ്പറിംഗ് എന്നിവ നൽകിയിട്ടുള്ള ഫയലുകളിൽ ആയത് അനുവദിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലായെന്നും ചില ഫയലുകളിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും ഏലപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന മദനമോഹനന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് ശ്രീ. മദനമോഹനൻ 31.08.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. മദനമോഹനനെതിരെ കെ.എസ്.ആർ. പാർട്ട് 3 പ്രകാരം നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മദനമോഹൻ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (എ) പ്രകാരം താങ്കളുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ശ്രീ. മദനമോഹനനെതിരെ സർവ്വീസിലിരിക്കെതന്നെ അച്ചടക്ക നടപടി ആരംഭിക്കാത്തതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ സാധ്യമല്ലായെന്നു കണ്ടതിനാൽ പരാമർശം (3) കാരണം കാണിക്കൽ നോട്ടീസ് റദ്ദ് ചെയ്ത്, കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ശ്രീ. മദനമോഹനന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. മദനമോഹനൻ പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മദനമോഹനന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. മദനമോഹനനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഏലപ്പുള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മദനമോഹനനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ രാമൻകുട്ടി എം നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്

(പരാമർശം (1), (4), (5) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. മദനമോഹനൻ, മുൻ സെക്രട്ടറി, ഏലപ്പള്ളി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, ഏലപ്പള്ളി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/48/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Dany MJ

സെക്ഷൻ ഓഫീസർ